**പതിനാലാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:977** **28.04.2017 ൽ മറുപടിയ്ക്ക്**

## ഭൂരഹിതരല്ലാത്ത കേരളം പദ്ധതി

**ചോദ്യം**
**ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ**
**ശ്രീ.വി.എസ്.ശിവകമാർ**
**ശ്രീ.വി.പി.സജീന്ദ്രൻ**
**ശ്രീ.ഷാഫി പറമ്പിൽ**

**മറുപടി**
**ശ്രീ.ഇ. ചന്ദ്രശേഖരൻ**
**(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി)**

| | | |
|---|---|---|
| (എ) | സംസ്ഥാനത്ത് ഭൂരഹിതരില്ലാത്ത കേരളം പദ്ധതി നടപ്പിലാക്കി വരുന്നുണ്ടോ; എങ്കിൽ ഈ പദ്ധതിയുടെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് വ്യക്തമാക്കുമോ; | (എ) ഭൂരഹിതരില്ലാത്ത കേരളം പദ്ധതി നടപ്പാക്കി വരുന്നുണ്ട്. പദ്ധതി പ്രകാരം ഇതിനകം അനുവദിച്ചിരുന്ന ഭൂമി ഗുണഭോക്താക്കൾക്ക് പൂർണ്ണമായി കൈമാറാൻ കഴിഞ്ഞിരുന്നില്ല. കൂടാതെ വിതരണം ചെയ്ത ഭൂമിയെ സംബന്ധിച്ച്, വീട് വെയ്ക്കാൻ അനുയോജ്യമല്ലായെന്നും, വഴി സൗകര്യം ഇല്ലായെന്നും തരത്തിലുള്ള ആക്ഷേപങ്ങൾ ഉണ്ടായിട്ടുണ്ട്. ഇവ പരിഹരിക്കുന്നതിനുള്ള നടപടികളാണ് ഇപ്പോൾ സ്വീകരിച്ച് വരുന്നത്. |
| (ബി) | മുൻ സർക്കാർ ഈ പദ്ധതിക്കുവേണ്ടി എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടതെന്ന് വ്യക്തമാക്കുമോ; | (ബി) പദ്ധതി പ്രവർത്തനം ഏകോപിപ്പിക്കുന്നതിനുവേണ്ടി ലാന്റ് റവന്യൂ ജോയിന്റ് കമ്മീഷണറെ സ്പെഷ്യൽ ഓഫീസറായി നിയമിച്ച് കൊണ്ട് സംസ്ഥാന തലത്തിൽ ഒരു സ്പെഷ്യൽ സെൽ രൂപീകരിച്ചിരുന്നു. കൂടാതെ ജില്ലാ തലത്തിൽ ഡെപ്യൂട്ടി കളക്ടർ (എൽ.ആർ)ന്റെ നേതൃത്വത്തിൽ ജില്ലാതല സ്പെഷ്യൽ സെല്ലിനും രൂപം നൽകിയിരുന്നു. |
| (സി) | പദ്ധതി പൂർത്തിയാക്കുന്നതിന് എന്തെല്ലാം നടപടികളാണ് ഇനി കൈക്കൊള്ളേണ്ടതെന്ന് വ്യക്തമാക്കുമോ? | (സി) വിതരണം ചെയ്ത ഭൂമികളെ സംബന്ധിച്ച് ഉയർന്ന് വന്നിട്ടുള്ള ആക്ഷേപങ്ങൾക്ക് പരിഹാരം കാണാനുള്ള നടപടികൾ പൂർത്തിയാക്കേണ്ടതുണ്ട്. കൂടാതെ അവശേഷിക്കുന്ന അർഹരായ ഗുണഭോക്താക്കൾക്ക് നൽകുന്നതിനാവശ്യമായ, വീട് വയ്ക്കാൻ അനുയോജ്യമായതും, പതിവിന് വിധേയമായതുമായ സർക്കാർ ഭൂമിയുടെ ലഭ്യത ഉറപ്പാക്കേണ്ടതുണ്ട്. |

**സെക്ഷൻ ഓഫീസർ**